BY REGISTERED POST WITH ACKNOWLEDGEMENT CARD

**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ ജനറൽ റിക്രൂട്ട്മെന്റ് മുഖേന അഡ്വൈസ് ചെയ്യപ്പെട്ട 4 (നാല്) ഉദ്യോഗാർത്ഥികളെ 8 മാസക്കാല പ്രീ-എൻടി പരിശീലനത്തിന് നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/54/2023-E1 തിരുവനന്തപുരം, തീയതി : 20-05-2025

---

പരാമർശം:-
1. ജി.ഒ. (പി) നം. 137/89/എ.ഡി., തീയതി : 07.06.1989.
2. ജി.ഒ. (പി) നം. 443/92/ഫിൻ., തീയതി : 01.07.1992.
3. ജി.ഒ. (പി) നം. 261/85/എ.ഡി., തീയതി : 30.09.1995.
4. സ.ഉ. (അച്ചടി) നം. 20/2011/ഉ.ഭ.പ.വ., തീയതി : 30.06.2011.
5. ജി.ഒ. (ആർ.റ്റി.) നം. 2441/12/എ.ഡി., തീയതി : 20.12.2012.
6. ജി.ഒ. (പി) നം. 27/2021/ഫിൻ., തീയതി : 10.02.2021.
7. ബഹു. കൃഷി (ക്ഷീരവികസന) വകുപ്പ് സെക്രട്ടറിയുടെ 13.12.2023 ലെ ഡി1/153/2023-ഡി.ഡി. നമ്പർ കത്ത്.
8. സ.ഉ. (അച്ചടി) നം. 15/2020/ഉ.ഭ.പ.വ., തീയതി : 28.10.2020.
9. കേരള പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള 30.04.2025 ലെ R1F-1/1/2025-KPSC നമ്പർ നിയമന ശിപാർശാ കത്ത്.

**ഉത്തരവ്**

മേൽപരാമർശം (9) ലെ നിയമന ശിപാർശാ കത്ത് പ്രകാരം ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലേക്ക് അഡ്വൈസ് ചെയ്യപ്പെട്ട 4 ഉദ്യോഗാർത്ഥികളെ മേൽപരാമർശം (1) മുതൽ (6) വരെ സർക്കാർ ഉത്തരവുകൾക്കും മേൽപരാമർശം (7) പ്രകാരമുള്ള കത്തിലെ വ്യവസ്ഥകൾക്കും മേൽപരാമർശം (8) പ്രകാരമുള്ള സർക്കാർ ഉത്തരവിനും വിധേയമായി ടി തസ്തികയിലെ 8 മാസ പ്രീ-എൻടി പരിശീലനത്തിന് താഴെപ്പറയും വിധം നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും | പ്രീ-എൻടി പരിശീലനത്തിന് നിയോഗിക്കുന്ന ക്ഷീരപരിശീലന കേന്ദ്രം | റിപ്പോർട്ടിംഗ് ഓഫീസർ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | **GREESHMA A.,**<br>SREEMALYAM,<br>KOYITHANATH PARAMBA,<br>MAYANAD, KOZHIKODE,<br>PIN - 673 008. | ക്ഷീരപരിശീലന കേന്ദ്രം,<br>ബേപ്പൂർ, കോഴിക്കോട് | പ്രിൻസിപ്പാൾ,<br>ക്ഷീരപരിശീലന കേന്ദ്രം,<br>ബേപ്പൂർ, കോഴിക്കോട് |
| 2 | **BENEESHA V. BHASKAR,**<br>VELLAMBURATH HOUSE,<br>PALAPARAMBU,<br>VADAPURAM P.O., MAMPAD,<br>MALAPPURAM,<br>PIN - 676 542,<br><br>***COMMUNICATION ADDRESS***<br>**BENEESHA V. BHASKAR,**<br>MANNARAKKAL HOUSE,<br>KADUNGALLUR,<br>PULIYAKKODE POST,<br>KUZHIMANNA,<br>MALAPPURAM, KERALA,<br>PIN - 673 641. | ക്ഷീരപരിശീലന കേന്ദ്രം,<br>ബേപ്പൂർ, കോഴിക്കോട് | പ്രിൻസിപ്പാൾ,<br>ക്ഷീരപരിശീലന കേന്ദ്രം,<br>ബേപ്പൂർ, കോഴിക്കോട് |
| 3 | **SANDRA SAJU S.,**<br>SHANMUGHALAYAM,<br>PUTHUKUNDAM,<br>KARTHIKAPPALLY,<br>ALAPPUZHA,<br>PIN - 690 516. | ക്ഷീരപരിശീലന കേന്ദ്രം,<br>പട്ടം,<br>തിരുവനന്തപുരം. | പ്രിൻസിപ്പാൾ,<br>ക്ഷീരപരിശീലന കേന്ദ്രം,<br>പട്ടം,<br>തിരുവനന്തപുരം. |
| 4 | **ANKITHA T.**<br>SARASA VILASOM,<br>VELLAGAL,<br>OTTASEKHARAMANGALAM,<br>THIRUVANANTHAPURAM<br>PIN - 695 125.<br><br>***COMMUNICATION ADDRESS***<br>**ANKITHA T.,**<br>KNRA 109, GURUKRIPA,<br>MANACAUD,<br>MANACAUD P.O.,<br>THIRUVANANTHAPURAM,<br>PIN - 695 009. | ക്ഷീരപരിശീലന കേന്ദ്രം,<br>പട്ടം,<br>തിരുവനന്തപുരം. | പ്രിൻസിപ്പാൾ,<br>ക്ഷീരപരിശീലന കേന്ദ്രം,<br>പട്ടം,<br>തിരുവനന്തപുരം. |

ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ 8 മാസ പ്രീ-എൻട്രി പരിശീലനത്തിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ 11.06.2025-ന് രാവിലെ 10 മണിയ്ക്ക് മേൽപ്പറഞ്ഞിരിക്കുന്ന ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകേണ്ടതാണ്. തദവസരത്തിൽ താഴെപ്പറയുന്ന അസ്സൽ രേഖകളും 2 സെറ്റ് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

1. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ.
2. പാസ്പോർട്ട് സൈസ് ഫോട്ടോ - 2 എണ്ണം.
3. നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് (ആവശ്യമുള്ള പക്ഷം)
4. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്.
5. വകുപ്പിന്റെ വെബ്-സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്ന സ്വാർക്ക്, അനക്സ്ചർ, ബോണ്ട് ഫോമുകൾ എന്നിവ യഥാവിധി പൂരിപ്പിച്ചത്.
6. കേരള പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ-ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്.
7. സർക്കാർ ഉത്തരവ് (അച്ചടി) നം . 20/2011/ഉ.ഭ.പ.വ., തീയതി : 30.06.2011 അനുശാസിക്കുന്ന പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.

പ്രീ-എൻട്രി പരിശീലനകാലത്ത് മേൽപരാമർശം (5), (6) പ്രകാരമുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രതിമാസം 35,600/- രൂപ (ആകെ മുപ്പത്തി അയ്യായിരത്തി അറുനൂറ് രൂപാ മാത്രം) കൺസോളിഡേറ്റഡ് പേ ആയി ലഭിക്കുന്നതാണ്. ടി 8 മാസ പ്രീ-എൻട്രി പരിശീലന കാലയളവ് പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്കോ നാഷണൽ പെൻഷൻ സ്കീം ഉൾപ്പെടെയുള്ള മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല. ടി പരിശീലന കാലയളവിൽ പരിശീലനാർത്ഥിയ്ക്ക് ആകെ 12 ദിവസത്തെ (ആകെ പന്ത്രണ്ട്) ആകസ്മികാവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ടി കാലയളവിൽ മറ്റ് അവധികളായ ആർജ്ജിതാവധി, പരിവർത്തിതാവധി, അർദ്ധവേതനാവധി എന്നിവയ്ക്കൊന്നും അർഹതയുണ്ടായിരിക്കുന്നതല്ല. അനുവദനീയമായ ആകസ്മികാവധികൾക്കും പുറമെ അവധിയിൽ പ്രവേശിക്കുന്നപക്ഷം ടി ദിവസങ്ങൾ ശൂന്യവേതനാവധിയായി പരിഗണിക്കുന്നതിനും ആയതിന് ആനുപാതികമായി പരിശീലന കാലയളവ് നീളുന്നതുമായിരിക്കും. പരിശീലനം പൂർത്തിയാക്കുന്ന ഘട്ടത്തിൽ നടത്തുന്ന തിയറി പരീക്ഷകളും പ്രാക്ടിക്കൽ പരീക്ഷകളും പരിശീലനാർത്ഥി വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നമുറയ്ക്ക് തദവസരത്തിൽ വകുപ്പിൽ ഒഴിവുള്ള ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിലൊന്നിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ 35,600--75,400 രൂപാ ശമ്പള സ്കെയിലിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ടി പരിശീലനാർത്ഥികളെ ഫീൽഡ് പരിശീലനത്തിനായി നിയോഗിക്കുന്നതിനുമുമ്പും, പ്രീ-എൻട്രി പരിശീലനം പൂർത്തിയാക്കുന്നതിന് തൊട്ടുമുമ്പും ടി പരിശീലനാർത്ഥികളെ വകുപ്പിലെ തദവസരത്തിലുള്ള ഒഴിവിന് വിധേയമായി ക്ഷീരവികസന യൂണിറ്റുകളിലൊന്നിൽ യഥാക്രമം നിയോഗിക്കുന്നതിലേക്കായും

നിയമിക്കുന്നതിലേക്കായുമായി ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർ ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ടി 8 മാസ പ്രീ-എൻടി പരിശീലന കാലയളവിൽ പരിശീലനാർത്ഥികൾ പരിപൂർണ്ണമായ അച്ചടക്കത്തോടെ പരിശീലനത്തിൽ പങ്കെടുക്കാതിരിക്കുകയോ, പരിശീലനത്തിൽ ആവശ്യമായ താൽപര്യം പ്രകടിപ്പിക്കാതിരിക്കുകയോ, പരിശീലനത്തിൽ ആവശ്യമായ പുരോഗതി കാണിക്കാതിരിക്കുകയോ നിയമാവലികൾ ലംഘിക്കുകയോ ചെയ്താൽ നിയമാനുസൃതമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അത്തരം സാഹചര്യങ്ങളിലോ, പരിശീലനാർത്ഥി സ്വയം പരിശീലനത്തിൽ നിന്നും പിൻവാങ്ങുകയോ ചെയ്യുന്നപക്ഷം ടി വകയിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തികനഷ്ടം പരിശീലനാർത്ഥിയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

പ്രീ-എൻടി പരിശീലനത്തിന് നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടും പ്രീ-എൻടി പരിശീലനത്തിന് ഹാജരാകാത്തപക്ഷം, ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലുള്ള ടി നിയമനം റദ്ദുചെയ്ത് ഉത്തരവാകുന്നതും പ്രസ്തുത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും.

ഈ അഡ്വൈസ് പ്രകാരമുള്ള നിയമനം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ്, 1958 ലെ പൊതുനിയമം റൂൾ 3 (സി)-യ്ക്ക് വിധേയമാണ്. കൂടാതെ, ഈ നിയമനശിപാർശയും പ്രീ-എൻടി പരിശീലന നിയമന ഉത്തരവും OA 1212/2024 ലെ അന്തിമവിധിയ്ക്ക് വിധേയവുമായിരിക്കും. ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി നിർണ്ണയിക്കുന്നത് SRO No. 733/2020 dtd 23.10.2020, KS&SSR 1958 -ന്റെ ഭേദഗതിയ്ക്ക് വിധേമായിരിക്കും.

ക്ഷീരപരിശീലന കേന്ദ്രത്തിൽ പ്രീ-എൻടി പരിശീലനത്തിന് പ്രവേശിക്കുന്ന അവസരത്തിൽ ടി കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന നിശ്ചിത മാതൃകയിൽ 500 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ (മുദ്ര പത്രത്തിൽ) 40,000/- രൂപയുടെയും (നാൽപ്പതിനായിരം മാത്രം), കൂടാതെ 10,000/- രൂപയുടെയും (പതിനായിരം മാത്രം) ബോണ്ട് സമർപ്പിക്കേണ്ടതാണ്.

ബോണ്ടിൽ ജാമ്യമായി ഉൾക്കൊള്ളിക്കേണ്ട ജീവനക്കാരുടെ വിവരം

(i) കേരള സർക്കാർ വകുപ്പുകളിലെ മിനിസ്റ്റീരിയൽ/ടെക്നിക്കൽ ജീവനക്കാർ.

(ii) അദ്ധ്യാപകർ (ഗവൺമെന്റ്/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രം).

(കേരള സർക്കാർ അധീനതയിലുള്ള ബോർഡ്/കോർപ്പറേഷൻ/എന്റർപ്രൈസസ്/അതോറിറ്റി മുതലായവ പരിഗണിക്കുന്നതല്ല).

മേൽപ്പറഞ്ഞ പ്രകാരം ജാമ്യമായി ഉൾപ്പെടുത്തുന്നവരുടെ സാലറി സർട്ടിഫിക്കറ്റിൽ നെറ്റ് സാലറി ഏറ്റവും കുറഞ്ഞത് 25,000 രൂപയെങ്കിലും ഉണ്ടാകേണ്ടതാണ്. ടി വിവരം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം, കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ് (ബന്ധപ്പെടേണ്ട ഫോൺ നം. യഥാക്രമം 0471- 2440911 ,

0495 - 2414579).

ബോണ്ട് മാതൃക, സ്പാർക്ക് ഫോം നം. 1, പൊലീസ് വെരിഫിക്കേഷനായുള്ള അനക്സ്ചർ ഫോം (അനക്സ്ചർ 1) എന്നിവ വകുപ്പിന്റെ വെബ്-സൈറ്റായ `dairydevelopment.kerala.gov.in-ൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. താങ്കൾ ഈ ജോലിയിൽ പ്രവേശിക്കുവാൻ താൽപര്യപ്പെടുന്നില്ല എന്നപക്ഷം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന എൻ.ജെ.ഡി. സമ്മതപത്രത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി എത്രയും വേഗം ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതുമാണ്.

Signed by
Salini Gopinath
Date: 20-05-2025 17:46:55

ഡയറക്ടർ
(PEN 498485)

To:- ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് (മേൽപ്പറഞ്ഞിരിക്കുന്ന വിലാസത്തിൽ (2 മേൽവിലാസമുള്ള ഉദ്യോഗാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ മേൽവിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്).

പകർപ്പ് :- 1) പ്രിൻസിപ്പാൾമാർ (ക്ഷീരപരിശീലന കേന്ദ്രം -- തിരുവനന്തപുരം, കോഴിക്കോട്) (പി.എസ്.സി. അഡ്വൈസ്സ വൺ-ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വിശദമായ പരിശോധനകൾ നടത്തി പ്രീ-എൻടി പരിശീലനത്തിൽ പ്രവേശിപ്പിച്ച് ടി വിവരം ഒട്ടും കാലതാമസം കൂടാതെ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്).

DESPATCHED
Date 21-05-25

2) ഡയറക്ടറുടെ മേശപ്പുറത്ത്.

3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

4) ജോയിന്റ് ഡയറക്ടർമാർ (ജനറൽ& പ്ലാനിംഗ്)

5) ഈ കാര്യാലയത്തിലെ മറ്റെല്ലാ ഓഫീസർമാർക്കും.

6) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ക്ഷീരപരിശീലന കേന്ദ്രം

പ്രിൻസിപ്പാൾമാർക്കും (അറിവിലേക്കായി).

7) എ., ബി., ഡി., ഇ സൂപ്രണ്ടുമാർക്ക്.

8) ഡി2 സീറ്റ് (പ്രീ-എൻടി പരിശീലനവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതിനായി).

9) എ1, ബി1, ഇ2, ഇ3, ഡി1 സീറ്റുകൾക്ക്.

10) നോട്ടീസ് ബോർഡ്.